LIBRARY ARCHIVES Kerala Legislative Assembly

ഹൈസ്കൂളുകളിലെ അദ്ധ്യാപകരുടെ സ്റ്റാഫ് ഫിക്സേഷൻ

37(726) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഹൈസ്കൂളുകളിലെ അദ്ധ്യാപകരുടെ സ്റ്റാഫ് ഫിക്സേഷൻ ഏതുഘട്ടംവരെ പൂർത്തിയായെന്ന് വെളിപ്പെടുത്തുമോ ;

(ബി) 2010-11 അദ്ധ്യയന വർഷംവരെയുള്ള സ്റ്റാഫ് ഫിക്സേഷൻ പൂർത്തിയാക്കിയോ ; ഇല്ലെങ്കിൽ കാരണം എന്താണ് ;

(സി) അനുവദിച്ച തസ്തികകളിൽ നിയമിതരായ അദ്ധ്യാപകർക്ക് അംഗീകാരം നൽകാതിരിക്കുവാൻ കാരണം എന്താണ് ;

(ഡി) ഇവർക്ക് എത്രയും വേഗം അംഗീകാരം നൽകാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഏകദിന പരിശോധനയുടെ അടിസ്ഥാനത്തിൽ സ്റ്റാഫ് ഫിക്സേഷൻ നടപടികൾ പൂർത്തിയായി വരുന്നു. എന്നാൽ ഹയർ ലെവൽ വെരിഫിക്കേഷൻ ആവശ്യമായ ഹൈസ്കൂളുകളിലെ സ്റ്റാഫ് ഫിക്സേഷനുകൾ ഇനിയും പൂർണ്ണമായും പൂർത്തിയായിട്ടില്ല.

(ബി) ഹയർ ലെവൽ വെരിഫിക്കേഷൻ പൂർണ്ണമായിട്ടില്ലാത്തതിനാലാണ് സ്റ്റാഫ് ഫിക്സേഷൻ നടപടികൾ പൂർത്തിയാക്കാൻ കാലതാമസമുണ്ടായിട്ടുള്ളത്.

(സി) വ്യത്യസ്ത കാരണങ്ങളാലാണ് അനുവദിക്കപ്പെട്ട തസ്തികകളിലെ നിയമനങ്ങൾ അംഗീകരിക്കാതിരിക്കുന്ന സാഹചര്യമുണ്ടാക്കിയിട്ടുള്ളത്. അവ താഴെ പറയുന്നു :

1. അൺ ഇക്കണോമിക് സ്കൂളുകളിൽ പ്രൊട്ടക്റ്റഡ് അദ്ധ്യാപകരെ നിയമിക്കാതെ പുതിയ അദ്ധ്യാപകരെ നിയമിക്കുക.
2. പുതുതായി ആരംഭിച്ച/അപ്ഗ്രേഡ് ചെയ്യപ്പെട്ട സ്കൂളുകളിൽ പ്രൊട്ടക്ടഡ് അദ്ധ്യാപകരെ നിയമിക്കാത്തതുകൊണ്ട്.
3. അധിക ഡിവിഷൻ ഒഴിവുകൾ സംബന്ധിച്ച് 12-1-2010-ലെ ജി.ഒ.(പി)നമ്പർ 10/10 പൊ.വി. ഉത്തരവിലെ വ്യവസ്ഥകൾ മാനേജർമാർ പാലിക്കാത്തതുകൊണ്ട്.

(ഡി) വ്യവസ്ഥകൾ പാലിച്ചു നടത്തിയിട്ടുള്ള നിയമനങ്ങൾ അംഗീകരിക്കുന്നതിന് തടസ്സമില്ല.